നോക്കി ലോറി ഉടമസ്ഥരേയും ജീവനക്കാരേയും പീഡിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. വാഹനവകുപ്പിന് സ്വന്തമായി വെയ്ബ്രിഡ്ജ് ഇല്ലാത്ത സ്ഥലങ്ങളിൽ അമിതഭാരം സംബന്ധിച്ച ചെക്കിംഗ് ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്തതിനാൽ സർക്കാരിന് നഷ്ടം സംഭവിക്കുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല.

പൂട്ടിയ റെയിൽവേ ഓഫീസുകൾ

133 (841) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 - ാമാണ്ട് സംസ്ഥാനത്തുണ്ടായിരുന്ന എത്ര റെയിൽവേ ഓഫീസുകൾ പൂട്ടുകയുണ്ടായി ; അവ ഏതെല്ലാം ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്തുണ്ടായിരുന്ന ഏതെല്ലാം റെയിൽവേ ഓഫീസുകൾ ഡൗൺഗ്രേഡ് ചെയ്തു ;

(സി) സംസ്ഥാനത്തെ റയിൽവേ ഓഫീസുകൾ പൂട്ടുന്നതിനും ഡൗൺഗ്രേഡ് ചെയ്യുന്നതിനുമെതിരായി ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തു ?

ഉത്തരം

(എ,ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഇടപ്പള്ളി റെയിൽവേ ഓവർ ബ്രിഡ്ജ്

134 (842) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാഷണൽ ഹൈവേ. 17 -ൽ ഇടപ്പള്ളിയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

സ്ഥലമെടുപ്പിനുവേണ്ട അടങ്കൽ അംഗീകാരത്തിനായി കേന്ദ്ര ഉപരിതല മന്ത്രാലയത്തിനും ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ് തയ്യാറാക്കുന്നതിനുവേണ്ടി അലൈൻമെന്റ് വിശദാംശങ്ങൾ സതേൺ റെയിൽവേക്കും അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly